(സി) ഉണ്ട്. വാർഡുകളുടെയും ക്വാർട്ടേഴ്സുകളുടെയും റിപ്പയർ, ഇലക്ട്രിക്കൽ റിപ്പയർ, പ്ലംബിംഗ് വർക്ക്സ്, പുതിയ കിടക്കകൾ തുടങ്ങിയവ നാട്ടുകാരുടെ സഹായത്തോടെ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല. പി. എസ്. സി. മുഖേന 7-2-2005-ൽ നിയമനം ലഭിച്ച ഡോക്ടർ ഉൾപ്പെടെ രണ്ട് ഡോക്ടർമാർ നിലവിൽ പാങ്ങ് ആശുപത്രിയിൽ ജോലി നോക്കുന്നുണ്ട്.

(ഇ) പാങ്ങ് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ-2, സ്റ്റാഫ് നേഴ്സ്-1 എന്നീ അധിക തസ്തികകൾ സൃഷ്ടിക്കുകയും 19 അധിക കിടക്കകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സി. എച്ച്. സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കോടഞ്ചേരി പി. എച്ച്. സി. യിൽ കിടത്തി ചികിൽസാ സൗകര്യം

126 [3825] *ശ്രീ. സി. മോയിൻകുട്ടി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കോടഞ്ചേരി പി. എച്ച്. സി. ക്ക് നിലവിൽ എന്തൊക്കെ ഭൗതിക സാഹചര്യങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പി. എച്ച്.-സി. യിൽ കിടത്തി ചികിൽസ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(സി) കിടത്തി ചികിൽസക്കാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കാമെന്ന ഗ്രാമപഞ്ചായത്തിന്റെ തീരുമാനം കണക്കിലെടുത്ത് മലയോര-കുടിയേറ്റ-ആദിവാസി കാർഷിക മേഖലയിലെ ഈ പി.എച്ച്. സി.-യിൽ അടിയന്തിരമായി കിടത്തി ചികിൽസയ്ക്ക് അനുമതി നൽകുമോ?.

ഉത്തരം

(എ) കോടഞ്ചേരി പി. എച്ച്. സി.-ക്ക് ഒ. പി. ബ്ലോക്ക്, പുതിയതായി പണിതീർത്ത 10 കിടക്കകളുള്ള ഐ. പി. വാർഡ്, മൂന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്.

(ബി) & (സി) കിടത്തി ചികിൽസ ആരംഭിക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

മഞ്ചേരി ജില്ലാ ആശുപത്രിയുടെ നവീകരണം

127 [3826] *ശ്രീ. ഇസ്ഹാക് കുരിക്കൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി ഡോക്ടർ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly